LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുത വിതരണ ശൃംഖല

40 (407) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപ്രദേശങ്ങളിലെ വൈദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രാമപ്രദേശങ്ങളിലെ വൈദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തൊക്കെയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 11 കെ.വി. ലൈൻ നിർമ്മിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, എൽ.റ്റി. ലൈൻ നിർമ്മിക്കൽ, റീ കണ്ടക്ടറിംഗ് സിംഗിൾ ഫേസ് റ്റു ത്രീ ഫേസ് കൺവേർഷൻ എന്നീ പണികൾ ആവിഷ്കരിച്ചിട്ടുണ്ട്.

എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിക്കപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രകാരം, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമപ്രദേശങ്ങളിലെ വൈദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്തി 95658 ബി.പി.എൽ. വീടുകൾ ഇതിനകം വൈദ്യുതീകരിച്ചു കഴിഞ്ഞു. കൂടാതെ ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്താൻ കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പദ്ധതി പ്രകാരം 485.37 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അനുമതി കിട്ടുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

ലാഭപ്രഭ പദ്ധതി

41 (408) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് "ലാഭപ്രഭ പദ്ധതി" നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ&ബി) നടപ്പാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി 2013 മാർച്ച് 23-ന് തുടക്കം കുറിച്ച ലാഭപ്രഭ എന്ന ബൃഹത്തായ പ്രചാരണ പരിപാടി 2014-ലും തുടർന്നു. വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻ വേണ്ടി ഊർജ്ജ സംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ നിരന്തരം ഓർമ്മിപ്പിക്കുകയും പ്രേരിപ്പിക്കുകയും സജ്ജമാക്കുകയും ചെയ്യുക എന്നതാണ് ഊർജ്ജ സംരക്ഷണ പ്രചാരണ പരിപാടിയായ ലാഭപ്രഭയുടെ ഉദ്ദേശ്യലക്ഷ്യം. ലാഭപ്രഭ പദ്ധതിയുടെ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ലാഭപ്രഭ പദ്ധതിയിൽ സമ്മാനാർഹരായവരെ ഊർജ്ജ സംരക്ഷണ അംബാസഡർമാരായി നിയോഗിച്ച് സ്കൂളുകൾ, റസിഡൻസ് അസോസിയേഷനുകൾ, എൻ.എസ്.എസ്., എൻ.സി.സി., പഞ്ചായത്തുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പരമാവധി സ്കൂളുകളെ ഈ പദ്ധതിയിൽ പങ്കെടുപ്പിക്കാനും വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കാനും ഈ പദ്ധതി വിജയിപ്പിക്കാനും, ടെസ്റ്റ് പെൻ, സി.എഫ്.എൽ. ലാമ്പുകൾ, സൗരോർജ്ജ റാന്തലുകൾ സൗരോർജ്ജാധിഷ്ഠിത ഇൻവർട്ടറുകൾ, ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന സൗരോർജ്ജ പ്രോജക്ട് തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മാന പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ലാഭപ്രഭ പദ്ധതിയുടെ ഭാഗമായി കേരളത്തിലുടനീളമുള്ള തിരഞ്ഞെടുക്കപ്പെട്ട തിയേറ്ററുകളിലും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലും പ്രമുഖ സിനിമാ താരങ്ങളെ ഉൾപ്പെടുത്തി ഊർജ്ജസംരക്ഷണ പരസ്യങ്ങൾ നൽകി. കൂടാതെ കെ.എസ്.ഇ.ബി, പത്രങ്ങളിൽ കൂടി നൽകുന്ന എല്ലാ ടെണ്ടർ പരസ്യങ്ങൾക്കും മറ്റ് സ്റ്റാറ്റ്യൂട്ടറി നോട്ടീസുകൾക്കും താഴെ വൈദ്യുതി സംരക്ഷണ സന്ദേശങ്ങൾ ഉൾപ്പെടുത്താറുണ്ട്.

ലാഭപ്രഭ 2013 (സീസൺ -1) പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 139101 പേർക്ക് സി.എഫ്.എൽ. സൗജന്യമായി നൽകിയിട്ടുണ്ട്. ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 പേർക്ക് സൗരോർജ്ജ റാന്തലുകൾ അതാതു സർക്കിൾ ഓഫീസുകൾ വഴി വിതരണം ചെയ്തു. ലാഭപ്രഭ 2014 (സീസൺ-2) പദ്ധതിയിൽ 193215 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർ ഓരോരുത്തർക്കും ഓരോ സി.എഫ്.എൽ. വീതം അതാത് സർക്കിൾ ഓഫീസുകൾ വഴി വിതരണം ചെയ്തു. ഊർജ്ജ സംരക്ഷണത്തിനായി പ്രവർത്തിച്ച സ്കൂളുകൾക്കുള്ള സമ്മാന വിതരണത്തിന് നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly